## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **05.07.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**നിയമസഭാ ചോദ്യം നം. 5647**

### സംസ്ഥാന സിലബസിലുള്ള സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാന സിലബസിലുള്ള എത്ര അൺ എയ്ഡഡ് സ്കൂളുകൾക്കാണ് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ളത്;<br><br>(ബി) പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകുകവഴി നിലവിൽ അൺ എക്കണോമിക് പട്ടികയിൽപ്പെട്ട എത്ര സ്കൂളുകൾ പൂട്ടേണ്ടി വരും; | (എ) & (ബി)<br><br>അൺ എയ്ഡഡ് സ്കൂളുകൾക്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടില്ല. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊതുവെ കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവും പൊതുജനങ്ങൾക്ക് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ./സ്റ്റേറ്റ് സിലബസ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുണ്ടായ ആഭിമുഖ്യവുമാണ് സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ കുട്ടികൾ കുറയാനുണ്ടായ പ്രധാന കാരണം. ഇപ്പോൾ പ്രവർത്തിച്ചു വരുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക വഴി അൺ എക്കണോമിക് പട്ടികയിൽപ്പെട്ട സ്കൂളുകൾ പൂട്ടേണ്ടിവരുമെന്ന് സർക്കാർ കരുതുന്നില്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് മേഖലകളിലായി എത്ര വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സ് മുറിയും മറ്റ് സൗകര്യവും ഉപയോഗിക്കാനാകാത്ത സാഹചര്യമുണ്ട്; കാരണങ്ങൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് മേഖലകളിലായി ക്ലാസ്സ് മുറിയും, മറ്റ് സൗകര്യവും ഉപയോഗിക്കാനാവാത്ത സാഹചര്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ